# എല്ലാ ജില്ലകളിലും നീര ഉത്പാദനം

തിരുവനന്തപുരം: സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പരീക്ഷണാടിസ്ഥാനത്തിൽ നീര ഉത്പാദിപ്പിക്കാൻ തീരുമാനിച്ചതായി മന്ത്രി കെ. ബാബു അറിയിച്ചു. തെങ്ങിൽനിന്നു നീര ഉത്പാദിപ്പിക്കാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ടു ചെത്തുതൊഴിലാളികളുടെ പരാതികൾ പരിഹരിക്കാൻ യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണു സംസ്ഥാനത്തു നീര ഉത്പാദനം ആരംഭിക്കാൻ തീരുമാനിച്ചത്. ആദ്യഘട്ടമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിലാണു നീര ഉത്പാദനം നടത്തുക. ഓരോ ജില്ലയിലും 1500 തെങ്ങുകളുള്ള ഓരോ യൂണിറ്റിൽ വീതം നീര ഉത്പാദനം നടത്തും.

കള്ളുഷാപ്പുകൾ ലേലത്തിൽ പോകാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ രണ്ടു യൂണിറ്റുകളിൽ നീര പദ്ധതി നടപ്പിലാക്കും. നാളികേര വികസന ബോർഡുമായി ഫെഡറേറ്റ് ചെയ്ത ഫെഡറേഷനുകൾക്കും കമ്പനികൾക്കും മാത്രമായിരിക്കും നീര ഉത്പാദിപ്പിക്കാനുള്ള അനുമതി നൽകുക. ചെത്തുതൊഴിലാളികൾക്കു നീര ചെത്തുന്നതിൽ മുൻഗണന നൽകും. നീര ടെക്നീഷ്യൻമാർക്കു കള്ളു ചെത്തു ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകും.

നീര-ടോഡി ബോർഡ് രൂപവത്കരിക്കുന്നതു സംബന്ധിച്ചു പഠിച്ചു ശിപാർശകൾ സമർപ്പിക്കുന്നതിനു നികുതി സെക്രട്ടറിയെ ചുമതലപ്പെടുത്തി. സംസ്ഥാനത്തു നീര ഉത്പാദനത്തിനാവശ്യമായ ഭേദഗതികൾ അബ്കാരി ചട്ടങ്ങളിൽ ഉൾപ്പെടുത്തും.

വിവിധ യൂണിയനുകളെ പ്രതിനിധീകരിച്ച് മുൻ മന്ത്രി കെ.പി. രാജേന്ദ്രൻ, എൻ. അഴകേശൻ, കെ.എം. സുധാകരൻ, പി.കൃഷ്ണൻ, ടി.എൻ. രമേശൻ, അജിത്കുമാർ, എം.കെ. ഉണ്ണികൃഷ്ണൻ, കേര കർഷക പ്രതിനിധി ബാബു ജോസഫ്, നികുതി സെക്രട്ടറി എ. അജിത്കുമാർ, എക്സൈസ് കമ്മീഷണർ അനിൽ സേവ്യർ, നാളികേര വികസന ബോർഡ് ഡയറക്ടർ ഡോ. മുരളീധരൻ, ഡോ. വി.കെ. രാജു (കാർഷിക സർവകലാശാല), കൃഷി ഡയറക്ടർ ആർ. അജിത് കുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.